പുതിയ വൈദ്യുത പദ്ധതികൾ

86 (2664) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പുതിയ വൈദ്യുത പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതാണെന്നും അവിടെ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. അതിരപ്പിള്ളി (163 മെഗാവാട്ട്) ചെങ്കുളം ആഗ്മെന്റേഷൻ (84 മില്യൻ യൂണിറ്റ്) (ഒന്നാംഘട്ട അനുമതി). ചൈനയുടെ സഹായത്തോടുകൂടിയുള്ള 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ (104.95 മെഗാവാട്ട്). കോഴിക്കോട് താപവൈദ്യുതനിലയം (128 മെഗാവാട്ട്) കായംകുളം താപനിലയം (350 മെഗാവാട്ട്) ബി.എസ്.ഇ.എസ്. (157 മെഗാവാട്ട്) കെ.പി.സി.എൽ. (20 മെഗാവാട്ട്) ഡി.സി.പി (107 മെഗാവാട്ട്).

ഇവയിൽ ബി.എസ്.ഇ.എസ്-ന്റെ ഒന്നാമത്തെ മെഷിൻ (40 മെഗാവാട്ട്) പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് താപനിലയം പണി പൂർത്തിയായി കമ്മീഷൻ ചെയ്തു. ഈ നിലയത്തിൽ നിന്നും 1999-ൽ 42.71 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

കായംകുളം താപനിലയം 1998-ൽ കമ്മീഷൻ ചെയ്തു. 1440.1923 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

വൈദ്യുതി ചാർജ് അടയ്ക്കുന്ന സംവിധാനം പരിഷ്ക്കരിക്കാൻ നടപടി

87 (2665) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി ചാർജ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്പോട്ട് ബില്ലിംഗ് സമ്പ്രദായം എത്ര സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഈ സമ്പ്രദായം സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വൈദ്യുതി ചാർജ് കണക്കാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly